# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1632** — **21.03.2012-ൽ മറുപടിക്ക്**

## കാർഷിക ഗവേഷണകേന്ദ്രങ്ങൾ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.എ.പ്രദീപ് കുമാർ | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷികസർവ്വകലാശാലയുടെ ഗവേഷണകേന്ദ്രങ്ങളും, കൃഷി വിജ്ഞാനകേന്ദ്രങ്ങളും, കാർഷിക കോളേജുകളും എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ; | എ) | അനുബന്ധം I – ൽ കാണാവുന്നതാണ്. |
| ബി) പ്രസ്തുതസ്ഥാപനങ്ങളുടെ സേവനങ്ങൾ ഏതുവിധത്തിലാണ് കർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ? | ബി) | കാർഷികസർവ്വകലാശാലയുടെ പ്രധാനപ്പെട്ട ധർമ്മം കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഗവേഷണവും അദ്ധ്യാപനവും വിജ്ഞാന വ്യാപനവുമാണ്. ഇതിന്റെ ഭാഗമായി അത്യുല്പാദന ശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള 270 ഓളം ഇനങ്ങൾ സർവ്വകലാശാല വികസിപ്പിച്ചെടുത്ത് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ വിളപരിപാലനത്തിനും രോഗ കീട നിയന്ത്രണത്തിനുമുള്ള സാങ്കേതിക വിദ്യകളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവ നേരിട്ടും കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങൾ വഴിയും യഥാസമയം കർഷകരിൽ എത്തിക്കുന്നു. കൂടാതെ അനുബന്ധം II ൽ പറയുന്ന വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സർവ്വകലാശാല കർഷകർക്കു വേണ്ടി നടത്തുന്നു. |

# അനുബന്ധം -I

**കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങളുടെയും കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെയും കാർഷിക കോളേജുകളുടെയും പട്ടിക**

| Sl.No. | Name of Stations | District |
|---|---|---|
| 1. | Instructional Farm,CoA, Vellayani | Thiruvananthapuram |
| 2. | Coconut Research Station, Balaramapuram | Thiruvananthapuram |
| 3. | Cropping Systems Research Centre, Karamana | Thiruvananthapuram |
| 4. | Farming Systems Research Station, Sadanandapuram | Kollam |
| 5. | Rice Research Station, Moncompu | Alappuzha |
| 6. | Sugarcane Research Station, Thiruvalla | Pathanamthitta |
| 7. | Cardamom Research Station, Pampadumpara | Idukki |
| 8. | Rice Research Station, Vyttila | Ernakulam |
| 9 | Pineapple Research Station, Vazhakulam | Ernakulam |
| 10 | Aromatic & Medicinal Plants Research Station, Odakkali | Ernakulam |
| 11 | Agronomic Research Station, Chalakudy | Thrissur |
| 12 | Banana Research Station, Kannara | Thrissur |
| 13 | Agricultural Research Station, Mannuthy | Thrissur |
| 14 | Cashew Research Station, Madakkathara | Thrissur |
| 15 | Instructional Farm, Vellanikkara | Thrissur |
|  | Pineapple Research centre,Vellanikkara | Thrissur |
| 16 | Cashew Research Station, Anakkayam | Malppuram |
| 17 | Pepper Research Station, Panniyur | Kannur |
| **Regional Agricultual Research Stations** | | |
| 1 | NARP (Southern Region), Vellayani | Thiruvananthapuram |

| | | |
|---|---|---|
| | | |
| 2 | Regional Agricultural Research Station Kumarakom | Kottayam |
| 3 | Onattukara. R.A.R.S, Kayamkulam | Alappuzha |
| 4 | Regional Agricultural Research Station Mele Pattambi | Palakkad |
| 5 | Regional Agricultural Research Station Ambalavayal | Wyanad |
| 6 | Regional Agricultural Research Station Pilicode | Kannur |
| **Colleges** | | |
| 1 | College of Agriculture, Vellayani | Thiruvananthapuram |
| 2 | College of Horticulture, Vellanikkara | Thrissur |
| 3 | College of Agriculture, Padanakad | Kannur |
| 4 | College of Forestry, Vellanikkara | Thrissur |
| 5 | College of Co-Operation, Banking & Management, Vellanikkara | Thrissur |
| 6 | Kelappaji College of Agricultural Engineering & Technology, Tavanur | Malappuram |
| **Krishi Vigyan Kendras** | | |
| 1 | KVK, Sadanandapuram | Kollam |
| 2 | KVK, Kottayam | Kottayam |
| 3 | KVK, Thrissur | Thrissur |
| 4 | KVK, Malappuram | Malappuram |
| 5 | KVK, Pattambi | Palakkad |
| 6 | KVK, Kannur | Kannur |
| 7 | KVK, Wyanad | Wyanad |

# അനുബന്ധം II

1. നടീൽ വസ്തുക്കളും വിത്തുകളും ഉൽപ്പാദിപ്പിച്ച് കർഷകർക്കു നൽകുന്നു. പച്ചക്കറി വിളകൾ, കിഴങ്ങു വർഗ്ഗ വിളകൾ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, പുല്ലുവർഗ വിളകൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ കർഷകർക്കായി മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

2. കൂൺ വിത്തുകൾ, ജൈവിക കീടനാശിനികൾ സൂക്ഷ്മ ജീവാണു വളങ്ങൾ എന്നിവ വിതരണം ചെയ്യുന്നു. തേൻ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. തേനീച്ചപ്പെട്ടികൾ തയ്യാറാക്കി നൽകുന്നു

3. കൃഷി ഡിപ്പാർട്ട്മെന്റ്, വി.എഫ്.പി.സി.കെ തുടങ്ങിയ ഏജൻസികൾ ആവശ്യപ്പെടുമ്പോൾ കൃഷി സംബന്ധമായ പ്രശ്നങ്ങൾ വിദഗ്ധരായ ശാസ്ത്രജ്ഞർ നേരിട്ടുപോയി മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. കർഷകർക്കായി സെമിനാറുകളിലും ചർച്ചകളിലും ക്ലാസ്സുകൾ എടുക്കുന്നു

4. കർഷകർക്കാവശ്യമായ മണ്ണു പരിശോധന, പ്ലാന്റ് ടിഷ്യു അനാലിസിസ് എന്നിവ ലാബുകൾവഴി നല്കി വരുന്നു.

5. കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാസ്ത്രജ്ഞന്മാർ നേരിട്ടും സാന്ത്വനം എന്ന പ്രോഗ്രാം വഴിയും കർഷകരുടെ കൃഷിയിടത്തിൽ എത്തി പരിഹാരം നൽകുന്നു.

6. കർഷകർക്ക് ഏതു സമയത്തും കാർഷിക കോളേജും അതിനോടനുബന്ധിച്ചുള്ള കൃഷിയിടങ്ങളും മറ്റു സൗകര്യങ്ങളും സന്ദർശിക്കുന്നതിനും പഠിക്കുന്നതിനും ഉള്ള സൗകര്യം ലഭ്യമാക്കിയിട്ടു്.

7. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫോറസ്ട്രി കോളേജിൽ സംസ്ഥാന വനം വകുപ്പിനാവശ്യമായ Wild Life Forensic Sample Test, തടി സാമ്പിളുകളുടെ തിരിച്ചറിയൽ എന്നിവ ഏറ്റെടുത്തു നടത്തുന്നു.

8. കൃഷി അനുബന്ധമായ മേഖലകളിലെ പരിശീലനങ്ങൾ മുൻനിര പ്രദർശനങ്ങൾ, അതാത് പ്രദേശങ്ങളിൽ സാങ്കേതിക വിദ്യാ പരീക്ഷണങ്ങൾ എന്നിവയ്ക്ക് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നേതൃത്വം നൽകുന്നു. കൂടാതെ കർഷകരുടെ നിലങ്ങളിൽ പ്രദർശനത്തോട്ടങ്ങൾ നിർമിക്കുക, കൃഷി രീതികൾ കാണിച്ചുകൊടുക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഈ കേന്ദ്രങ്ങൾ നടത്തിവരുന്നു. ആധുനിക കൃഷി സമ്പ്രദായങ്ങളും ബന്ധപ്പെട്ട മറ്റു സങ്കേതങ്ങളും കൃഷിക്കാർക്ക് നേരിൽ പരിചയപ്പെടുത്തുകയെന്ന ഉദ്ദേശ്യം മുൻനിർത്തി എക്സിബിഷനുകളും വിനോദയാത്രകളും സംഘടിപ്പിക്കുകയെന്നതും ഈ കേന്ദ്രങ്ങളുടെ ചുമതലയാണ്.